## <u>കുമളി ഈസ് ക്ലീൻ</u>

ഇടുക്കി ജില്ലയിലെ കുമളി നേരിടുന്ന ഏറ്റവും പ്രധാന വെല്ലുവിളിയാണ് പരിസ്ഥിതി മലിനീകരണം. വിനോദസഞ്ചാര കേന്ദ്രമായ തേക്കടി ഇടുക്കി ജില്ലയിലെ കുമളി ഗ്രാമത്തിലാണ് സ്ഥിതി ചെയ്യുന്നത്. കൂടാതെ അന്യ സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന ലക്ഷക്കണക്കിന് തീർത്ഥാടകർ കുമളി വഴിയാണ് ശബരിമലയിലേക്ക് പോകുന്നത്. ഈ രണ്ട് രീതിയിൽ പഞ്ചായത്ത് സാമ്പത്തിക ഭദ്രത കൈവരിക്കുന്നുണ്ടെങ്കിലും കുമളിയിലെ ജനങ്ങൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം പരിസരമലിനീകരണമാണ്.

ഉപയോഗ ശേഷം വലിച്ചെറിയുന്ന പ്ലാസ്റ്റിക്, പാഴ് വസ്തുക്കളും, വിസർജ്ജ്യങ്ങളും കുമളിയെയും തേക്കടിയെയും അവിടുത്തെ അവാസവ്യവസ്ഥയുടെ അവിഭാജ്യഘടകമായ വന്യജീവി സങ്കേതത്തിനും ഗുരുതരമായ ഭീഷണിയാണ്. ഇത് ശാസ്ത്രീയമായി പരിഹരിക്കുന്നതിന് ഗ്രീൻ കുമളി ക്ലീൻ കുമളി എന്ന പദ്ധതിക്ക് 2006 അഗസ്റ്റിൽ പഞ്ചായത്ത് തുടക്കമിട്ടു. ഇതിന്റെ ഭാഗമായി പഞ്ചായത്തൊട്ടാകെ ശുചിത്വബോധം വളർത്തിയെടുക്കുന്നതിന് വിപുലമായ ബോധവത്ക്കരണ സെമിനാർ, ശിൽപശാല എന്നിവ നടത്തി. ടൗണിലും വഴിയോരങ്ങളിലും സ്ഥാപിച്ച കുപ്പതൊട്ടികൾ നീക്കം ചെയ്ത് പകരം കുമളി വന്യജീവി സങ്കേതത്തിനോടു ചേർന്ന് അഞ്ച് വാർഡുകളിലായി 1500-ൽപരം കുടുംബങ്ങൾക്ക് ജൈവ്യഅജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരംതിരിച്ച് ശേഖരിക്കുന്നതിനു വേണ്ടി പച്ച,ചുവപ്പ് നിറങ്ങളിലുള്ള രണ്ട് ബിന്നുകൾ വിതരണം ചെയ്തു.

ജില്ലാ ശുചിത്വമിഷന്റെ സഹായത്തോടെ എല്ലാ വീടുകൾക്കും, അംഗൻവാടികൾക്കും, സ്ക്കൂളുകൾക്കും കക്കൂസ് നിർമ്മിച്ചു.
ഇതിന്റെ ഫലമായി പഞ്ചായത്തിന് 2007- ൽ നിർമ്മൽ ഗ്രാം പുരസ്ക്കാരവും ലഭിച്ചു.

പദ്ധതിയുടെ മർമ്മഘട്ടത്തിൽ മുരുക്കടി പഞ്ചായത്തിൽ രണ്ടര ഏക്കർ സ്ഥലത്ത് ഖരമാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനുള്ള വെർമി കമ്പോസ്റ്റ് യൂണിറ്റ് ഒരുക്കി. ഇതോടൊപ്പം ദിനം പ്രതി അയിരം കിലോ ഗ്രാം വരെയുള്ള ജൈവ മാലിന്യങ്ങൾ മണ്ണിര കമ്പോസ്റ്റ ാക്കി മാറ്റി. വിപണനം നടത്തുന്ന പദ്ധതിയും പഞ്ചായത്ത് അവിഷ്ക്കരിച്ചു. ഇതിന്റെ ഭാഗമായി 1000 കിലോഗ്രാം സംഭരണ ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റ് 40 ലക്ഷം

രൂപ മുടക്കി നിർമ്മിച്ചു.  പ്ലാന്റ് നിർമ്മാണത്തിനാവശ്യമായ സ്ഥലം ഉപയോഗിച്ചശേഷം മിച്ച ഭൂമിയിൽ ജൈവകൃഷിയിലൂടെ സുഗന്ധ ദ്രവ്യങ്ങളും അയുർവേദ ഔഷധ സസ്യങ്ങളും ഫല വൃക്ഷങ്ങളും വച്ച് പിടിപ്പിച്ചു കൊണ്ട് ഒരു മാതൃക ബൊട്ടാണിക്കൽ ഗാർഡൻ പഞ്ചായത്തിന്റെ നേതൃത്വത്തിൽ രൂപപ്പെടുത്തി.

എല്ലാറ്റിനുമുപരി പെരിയാർ വന്യജീവി സങ്കേതത്തിനും ജനവാസകേന്ദ്രങ്ങൾക്കും പ്രശ്നമായിരുന്ന തേക്കടി ജലാശയത്തിലേയ്ക്കൊഴുകുന്ന സർവ്വ മാലിന്യങ്ങളും നിക്ഷേപിച്ചിരുന്ന റോസാപ്പൂക്കണ്ടം തോട് തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്ത് വൃത്തിയാക്കുകയും ചെയ്തു